**അനുബന്ധം 1**

നക്ഷത്ര ചിഹ്നമിടാത്ത 2440-ാം നമ്പർ ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) മേശപ്പുറത്തുവച്ച പുതുക്കിയ മറുപടി

## സംസ്ഥാന ജി.എസ്.റ്റി. വകുപ്പിലെ ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ

(2440) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. കമ്മീഷണറേറ്റിൽ നിലവിൽ ഡെപ്യൂട്ടി കമ്മീഷണർ (പേഴ്സണൽ ഡിവിഷൻ) തസ്തികയിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥൻ ഇതിന് മുമ്പ് തിരുവനന്തപുരത്ത് ഇന്റലിജൻസ് ഓഫീസർ സ്ക്വാഡ് 5-ൽ ജോലി ചെയ്തുവരവേ ടിയാന് എതിരായി നിരവധി പരാതികളുണ്ടെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പരാതികൾ അന്വേഷിച്ച അഡീഷണൽ കമ്മീഷണർ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടിക്ക് ശിപാർശ ചെയ്തുകൊണ്ട് ടാക്സസ് സെക്രട്ടറിക്ക് 28-12-2018-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ടി

റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥനെതിരായ പരാതികളെല്ലാം, വ്യക്തമായ മേൽവിലാസം രേഖപ്പെടുത്താത്ത വ്യാജ പരാതികളാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കിയിട്ടുള്ളതാണ്.

(സി) ടാക്സസ് (ഡി) ഡിപ്പാർട്ട്മെന്റിൽ ഇത് സംബന്ധിച്ചുള്ള ഫയലിന്റെ നമ്പർ ലഭ്യമാക്കുമോ;

(ഡി) ടി ഫയലിന്റെ നോട്ട് ഫയൽ, ഡ്രാഫ്റ്റ് നടപടിക്രമങ്ങൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ?

(സി&ഡി) ഡി1/89/2018-നികുതി നമ്പർ ഫയൽ.

(ഇ) നികുതി വകുപ്പിൽ പുനഃക്രമീകരണവുമായി ബന്ധപ്പെട്ട് നടന്ന സ്ഥലംമാറ്റങ്ങളിൽ ജീവനക്കാരെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലം മാറ്റിയെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികൾ പരിഹരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി നിയമം നിലവിൽ വന്നതിനുശേഷം ഇന്ത്യയിൽ നികുതി വകുപ്പിനെ സമഗ്രമായും ആധികാരികമായും പുനഃസംഘടിപ്പിച്ചിട്ടുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നികുതിദായകരുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണ് ഓരോ ജില്ലയിലെയും ഓഫീസുകളും ജീവനക്കാരുടെ sanctioned strength-ഉം നിശ്ചയിച്ചിട്ടുള്ളത്. ഇത് ജില്ലകളിൽ മുൻപുണ്ടായിരുന്ന ജീവനക്കാരുടെ sanctioned strength കൂട്ടുന്നതിനോ കുറയുന്നതിനോ കാരണമായിട്ടുണ്ട്. പുനഃസംഘടനയുടെ ഭാഗമായി ഇത്തരത്തിൽ പുതിയ ഓഫീസുകളിലേയ്ക്ക് ജീവനക്കാരെ പുനർവിന്യസിക്കേണ്ടിവന്നു. സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചും, അനുകമ്പാർഹമായ മറ്റ് കാര്യങ്ങൾ പരിഗണിച്ചും, നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് അനുയോജ്യരായ ഉദ്യോഗസ്ഥരെ പരിഗണിച്ചുമാണ് പുനർവിന്യാസം പൂർത്തിയായിട്ടുള്ളത്. സമയബന്ധിതമായി ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിക്കേണ്ടി വന്നപ്പോൾ ജീവനക്കാർക്കുണ്ടായ ചെറിയ അസൗകര്യങ്ങളും പരാതികളും പരിശോധിച്ച് പരിഹരിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.